# ALL INDIA RADIO, THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## NATIONAL BULLETIN

**DATE : 08.04.2025** **TIME : 12.50 PM**

### പ്രധാന വാർത്തകൾ

1. വിദേശ പര്യടനം തുടരുന്ന രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് പോർച്ചുഗീസ് പ്രധാനമന്ത്രി ലൂയിസ് മോണ്ടിനെഗ്രോയുമായി കൂടിക്കാഴ്ച നടത്തും.
   **President Droupadi Murmu will meet Portuguese Prime Minister Luis Montenegro today as part of her two day visit to Portugal.**

2. പിഎം മുദ്രാ യോജന രാജ്യത്തെ യുവതലമുറയ്ക്ക് സ്വയം പര്യാപ്തമാകാമെന്ന ആത്മവിശ്വാസം പകരുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി.
   **PM Mudra Yojana is intended to give courage to the youth of the country to stand on their own feet, says Prime Minister Narendra Modi.**

3. നിയമസഭകൾ പാസാക്കിയ ബില്ലുകൾ ദീർഘനാൾ പിടിച്ചുവെയ്ക്കുന്ന ഗവർണർമാരുടെ നടപടി നിയമവിരുദ്ധമാണെന്ന് സുപ്രീംകോടതി.
   **The Supreme Court on Tuesday held it "illegal and erroneous" on the part of Tamil Nadu Governor R.N. Ravi to reserve 10 bills, which were re-adopted by the State Legislative Assembly, for the consideration of the President.**

4. ജമ്മു കശ്മീരിലെ സുരക്ഷാ സ്ഥിതികൾ വിലയിരുത്താൻ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ ഇന്ന് ഉന്നതതല യോഗം ചേരും.
   **Union Home Minister Amit Shah is scheduled to chair a comprehensive review meeting today regarding overall security scenario in Jammu and Kashmir.**

5. ഇന്ത്യയെ സുസ്ഥിര വികസിത രാഷ്ട്രമാക്കുന്നതിന് യുവജനങ്ങൾ കഠിന ശ്രമം നടത്തണമെന്ന് കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ.

**Youth's hardwork plays an important role in making India a developed country, says Union Minister Sarbanand Sonowal.**

6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ. രാജ്യത്തെ ഓഹരി വിപണികളിൽ ഇന്ന് നേട്ടം.

**Two matches to be played today in IPL Cricket. The Benchmark domestic equity indices, Sensex and Nifty, were trading over 2.2 per cent up in the afternoon trade today.**

*******************************************

## PRESIDENT

വിദേശ പര്യടനം തുടരുന്ന രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് പോർച്ചുഗീസ് പ്രധാനമന്ത്രി ലൂയിസ് മോണ്ടിനെഗ്രോയുമായി കൂടിക്കാഴ്ച നടത്തും. പോർച്ചുഗീസ് പ്രസിഡൻറ് മാർസെലോ റെബലോ ഡിസൂസയുമായും രാഷ്ട്രപതി ഇന്നലെ ഉഭയകക്ഷി ചർച്ചകൾ നടത്തിയിരുന്നു. ഇന്ത്യയുടെ സുപ്രധാന പങ്കാളിയാണ് പോർച്ചുഗലെന്നും, ഇന്ത്യൻ പ്രവാസി സമൂഹം ഇരു രാജ്യങ്ങൾക്കുമിടയിലെ ബന്ധം ശക്തിപ്പെടുത്തുന്നതായും രാഷ്ട്രപതി പറഞ്ഞു. സുസ്ഥിര ലോകത്തിനായുള്ള ഇന്ത്യയുടെ ശ്രമങ്ങളിൽ പോർച്ചുഗൽ വിശ്വസ്ത പങ്കാളിയായി നിലകൊള്ളുന്നതായും ശ്രീമതി മുർമു വ്യക്തമാക്കി. ലിസ്ബൺ മേയർ കാർലോസ് മീഡാസ് രാഷ്ട്രപതിയെ കീ ഓഫ് ഓണർ പുരസ്കാരം നൽകി ആദരിച്ചു. പോർച്ചുഗീസ് റിപ്പബ്ലിക് അസംബ്ലി, അൽമേഡയിലെ ഗാന്ധി സ്മാരകം എന്നിവിടങ്ങളും രാഷ്ട്രപതി ഇന്ന് സന്ദർശിക്കും. രണ്ട് ദിവസത്തെ പോർച്ചുഗൽ പര്യടനം പൂർത്തിയാക്കി രാഷ്ട്രപതി നാളെ സ്ലൊവാക്യയിലേക്ക് തിരിക്കും. 29 വർഷത്തിനിടെ ആദ്യമായാണ് ഒരു ഇന്ത്യൻ രാഷ്ട്രപതി സ്ലൊവാക്യ സന്ദർശിക്കുന്നത്.

*******************************************

## PM – MUDRA YOJANA..(INTRO)

രാജ്യത്തെ സംരംഭകർക്ക് വായ്പാ ലഭ്യതയും, വളർച്ചയ്ക്കുള്ള ആത്മവിശ്വാസവും സൃഷ്ടിക്കുന്നതിന് കേന്ദ്രസർക്കാർ പ്രത്യേക പ്രാധാന്യം നൽകുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. നിരവധി പേരുടെ സ്വപ്നം സാക്ഷാത്കരിക്കാൻ പദ്ധതിയിലൂടെ സാധിച്ചതായും, പി എം മുദ്രാ യോജനയുടെ 10-ാം വാർഷികത്തോടനുബന്ധിച്ചുള്ള സന്ദേശത്തിൽ അദ്ദേഹം പറഞ്ഞു. മുദ്രാ വായ്പയുടെ 70 ശതമാനത്തിലേറെ ഗുണഭോക്താക്കൾ സ്ത്രീകളാണെന്നും, പകുതിയോളം വായ്പകൾ SC, ST, OBC വിഭാഗത്തിൽ നിന്നുള്ളവർക്കാണ് അനുവദിച്ചിരിക്കുന്നതെന്നും ശ്രീ മോദി വ്യക്തമാക്കി.

(വോയിസ്)

മുദ്ര യോജന ഗുണഭോക്താക്കളുമായി പ്രധാനമന്ത്രി ഇന്ന് ന്യൂഡൽഹിയിലെ ഔദ്യോഗിക വസതിയിൽ കൂടിക്കാഴ്ച നടത്തി. പദ്ധതിയിലൂടെ 33 ലക്ഷം കോടി ജനങ്ങൾക്ക് ഈട് രഹിത വായ്പ വിതരണം ചെയ്തതായും, യുവതലമുറയ്ക്ക് സ്വയം പര്യാപ്തമാകാനുള്ള ആത്മവിശ്വാസം പദ്ധതി പകരുന്നതായും അദ്ദേഹം പറഞ്ഞു. തമിഴ്നാട്ടിലാണ് കഴിഞ്ഞ 10 വർഷങ്ങളിൽ ഏറ്റവും കൂടുതൽ മുദ്രാ വായ്പ അനുവദിച്ചത് . ഇന്ത്യയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിൽ സുപ്രധാന പങ്ക് വഹിച്ച മുദ്രാ പദ്ധതി അന്താരാഷ്ട്ര നാണയ നിധിയുടെ പ്രശംസയും ഏറ്റുവാങ്ങിയിട്ടുണ്ട്.

*******************************************

## SUPREME COURT – GOVERNOR BILLS

സംസ്ഥാന നിയമസഭകൾ പാസാക്കിയ ബില്ലുകൾ ദീർഘനാൾ പിടിച്ചുവെയ്ക്കുന്ന ഗവർണറുടെ നടപടി നിയമ വിരുദ്ധമാണെന്ന് സുപ്രീംകോടതി. ഇത്തരത്തിൽ 10 ബില്ലുകളിന്മേൽ ഗവർണർ അനുമതി വൈകിക്കുന്നത്

ചൂണ്ടിക്കാട്ടി തമിഴ്നാട് സർക്കാർ സമർപ്പിച്ച ഹർജിയിലാണ് ജസ്റ്റിസുമാരായ ജെ ബി പർദിവാല, ആർ മഹാദേവൻ എന്നിവരടങ്ങിയ ബഞ്ചിൻറെ ഉത്തരവ്. നിയമസഭ രണ്ടാമതും പാസ്സാക്കിയ ബില്ലുകൾ രാഷ്ട്രപതിയ്ക്ക് വിടുന്ന നടപടിയെയും സുപ്രീം കോടതി രൂക്ഷമായി വിമർശിച്ചു. ബില്ലുകൾ രാഷ്ട്രപതിയ്ക്ക് അയക്കുകയോ, തിരിച്ചയയ്ക്കുകയോ ചെയ്യുകയാണെങ്കിൽ ഇത് മൂന്ന് മാസത്തിനുള്ളിൽ ചെയ്യേണ്ടതാണ്. നിയമസഭ രണ്ടാമതും പാസ്സാക്കിയ ബില്ലുകളിന്മേൽ ഗവർണർമാർ ഒരു മാസത്തിനകം തീരുമാനമെടുക്കണമെന്നും കോടതി വ്യക്തമാക്കി. ഗവർണർമാർക്ക് ബില്ലുകൾ വീറ്റോ ചെയ്യാൻ അധികാരമില്ലെന്നും കോടതി നിരീക്ഷിച്ചു.

******************************************

## AMIT SHAH

ജമ്മു കശ്മീരിലെ സുരക്ഷാ സ്ഥിതികൾ വിലയിരുത്താൻ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ ഇന്ന് ഉന്നതതല യോഗം ചേരും. ജൂലൈ മുതൽ ആരംഭിക്കുന്ന അമർനാഥ് തീർത്ഥാടനത്തിനുള്ള മുന്നൊരുക്കങ്ങളും അദ്ദേഹം വിലയിരുത്തും. കേന്ദ്ര ആഭ്യന്തര സെക്രട്ടറി ഗോവിന്ദ് മോഹൻ, കരസേന, സായുധ പോലീസ് സേന, ജമ്മു കശ്മീർ പോലീസ് എന്നിവയിലെ ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കും. ശ്രീനഗറിൽ വിവിധ വികസന പദ്ധതികൾക്കും ശ്രീ അമിത് ഷാ ഇന്ന് തുടക്കം കുറിക്കും. ജമ്മു കശ്മീരിലെ വികസന പദ്ധതികളുടെ പുരോഗതിയും അദ്ദേഹം അവലോകനം ചെയ്യും.

******************************************

## SARVANANDA SONOWAL .. (INTRO)

ഇന്ത്യയെ സുസ്ഥിര വികസിത രാഷ്ട്രമാക്കുന്നതിന് യുവജനങ്ങൾ കഠിന ശ്രമം നടത്തണമെന്ന് കേന്ദ്രമന്ത്രി സർബാനന്ദ സോനോവാൾ. ഇന്ത്യയുടെ മികവ് മുൻനിര

രാജ്യങ്ങൾക്ക് മുന്നിൽ തെളിയിക്കണമെന്നും അദ്ദേഹം പറഞ്ഞു. കൊച്ചിയിൽ ഇന്ത്യൻ മാരിടൈം യൂണിവേഴ്സിറ്റിയുടെ ഹോസ്റ്റൽ - ലൈബ്രറി കെട്ടിടങ്ങളുടെ തറക്കല്ലിടൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയ്സ്......)

*******************************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.........

*******************************************

## DUBAI CROWN PRINCE

ദുബായ് കിരീടാവകാശിയും യുഎഇ ഉപപ്രധാനമന്ത്രിയുമായ ഷെയ്ഖ് ഹംദാൻ ബിൻ മുഹമ്മദ് അൽ മക്തൂം രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തി. ന്യൂഡൽഹി വിമാനത്താവളത്തിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി അദ്ദേഹത്തെ സ്വീകരിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദി ഒരുക്കുന്ന വിരുന്നിൽ അദ്ദേഹം പങ്കെടുക്കും. വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ, രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് എന്നിവരുമായും യുഎഇ ഉപപ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും.

*******************************************

## HM – J AND K HURRIYAT GROUPS

ജമ്മു കശ്മീരിലെ മൂന്ന് രാഷ്ട്രീയ സംഘടനകൾ കൂടി വിഘടനവാദ സ്വഭാവമുള്ള ഹുറിയത്ത് കോൺഫറൻസിൽ നിന്ന് വേർപിരിഞ്ഞു. ജമ്മു കശ്മീർ ഇസ്ലാമിക് പൊളിറ്റിക്കൽ പാർട്ടി, ജമ്മു കശ്മീർ മുസ്ലീം ഡെമോക്രാറ്റിക് ലീഗ്, കശ്മീർ ഫ്രീഡം ഫ്രണ്ട് എന്നീ സംഘടനകളാണ് പിന്മാറിയത്. തീരുമാനത്തെ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ സ്വാഗതം

ചെയ്തു. ഇതുവരെ പതിനൊന്ന് സംഘടനകൾ ഹുറിയത്ത് കോൺഫറൻസിൽ നിന്ന് അകന്നു നിൽക്കാൻ തീരുമാനിച്ചതായും അദ്ദേഹം വ്യക്തമാക്കി.

**************************************************

## POSHAN PAKHWADA (INTRO)

പോഷകാഹാരക്കുറവ് പരിഹരിക്കുന്നത് ലക്ഷ്യമിട്ട് കേന്ദ്ര സർക്കാർ സംഘടിപ്പിക്കുന്ന ഏഴാമത് പോഷൻ പഖ്വാഡക്ക് രാജ്യത്ത് ഇന്ന് തുടക്കം. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരക്കാരായ പെൺകുട്ടികൾ, ആറ് വയസ്സിന് താഴെയുള്ള കുട്ടികൾ എന്നിവർക്ക് പോഷകാഹാരം ഉറപ്പുവരുത്തുന്നതിനാണ് വനിതാ-ശിശു വികസന മന്ത്രാലയത്തിന്റെ മേൽനോട്ടത്തിൽ എല്ലാ വർഷവും മാർച്ച്-ഏപ്രിൽ മാസങ്ങളിൽ പോഷൻ പഖ്വാഡ സംഘടിപ്പിക്കുന്നത്. പോഷണ പക്ഷാചരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഐ സി ഡി എസ്സ് വയനാട് ജില്ലാ പ്രോഗ്രാം ഓഫീസർ ഹഫ്സത്ത് ആകാശവാണി വാർത്തകളോട്

(വോയിസ്)

**************************************************

## MALAPPURAM

മലപ്പുറത്ത് പ്രസവത്തിനിടെ യുവതി മരിച്ച സംഭവത്തിൽ ഭർത്താവിനെതിരെ മനപ്പൂർവമല്ലാത്ത നരഹത്യക്ക് കേസെടുത്തു. ഇന്നലെ വൈകിട്ട് അറസ്റ്റ് ചെയ്ത പ്രതിയെ ഇന്ന് കോടതിയിൽ ഹാജരാക്കും. അമിത രക്തസ്രാവത്തെ തുടർന്നാണ് യുവതി മരിച്ചതെന്ന് പോസ്റ്റ് മോർട്ടം റിപ്പോർട്ടിൽ വ്യക്തമായിരുന്നു. ആരോഗ്യപ്രവർത്തകർ വീട് സന്ദർശിച്ചെങ്കിലും യുവതി ഗർഭിണിയാണെന്ന വിവരം മനപ്പൂർവം മറച്ചുവച്ചെന്നത് ഉൾപ്പെടെ ചൂണ്ടിക്കാട്ടി.

മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ പൊലീസ് മേധാവിക്ക് പരാതി നൽകിയിരുന്നു.

*****************************************

## IPL

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് നടക്കുന്ന ആദ്യ മത്സരത്തിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ലക്നൗ സൂപ്പർ ജയിന്റ്സുമായി ഏറ്റുമുട്ടും. ഉച്ചതിരിഞ്ഞ് 3.30 നാണ് മത്സരം. രാത്രി 7.30 ന് നടക്കുന്ന രണ്ടാമത്തെ കളിയിൽ പഞ്ചാബ് കിങ്സ്, ചെന്നൈ സൂപ്പർ കിങ്സിനെ നേരിടും.

*****************************************

## ISL

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോളിൽ ഈമാസം 12 ന് നടക്കുന്ന ഫൈനൽ മത്സരത്തിൽ ബെംഗളൂരു, മോഹൻ ബഗാനുമായി ഏറ്റുമുട്ടും. ഇന്നലെ നടന്ന രണ്ടാം സെമി ഫൈനലിൽ മോഹൻ ബഗാൻ എതിരില്ലാത്ത രണ്ടു ഗോളിന് ജംഷഡ്പൂരിനെ പരാജയപ്പെടുത്തിയാണ് കലാശക്കളിക്ക് യോഗ്യത നേടിയത്..

*****************************************

## STOCK/ GOLD

കഴിഞ്ഞ ദിവസങ്ങളിലെ കനത്ത ഇടിവിൽ നിന്ന് മാറി നേട്ടത്തിൽ വ്യാപാരം ആരംഭിച്ച് രാജ്യത്തെ ഓഹരി വിപണികൾ. ബോംബെ ഓഹരി സൂചിക സെൻസെക്സ് 1,575 പോയിന്റ് ഉയർന്ന് 74,713 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 489 പോയിന്റ് നേട്ടത്തിൽ 22,651 ലും വ്യാപാരം പുരോഗമിക്കുന്നു. സ്വർണ്ണ വില വീണ്ടും കുറഞ്ഞു. പവന് 480 രൂപ താഴ്ന്ന് 65,800 രൂപയും ഗ്രാമിന് 60 രൂപ കുറഞ്ഞ് 8,225 രൂപയുമാണ് ഇന്നത്തെ വില.

****************************************

## TRUMP – ADDITIONAL TARIFF ON CHINA

ചൈന ഏർപ്പെടുത്തിയ പകര തീരുവ ഇന്ന് പിൻവലിച്ചില്ലെങ്കിൽ, ചൈനീസ് ഉൽപ്പന്നങ്ങൾക്ക് 50 ശതമാനം അധിക തീരുവ ചുമത്തുമെന്ന യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിൻറെ പ്രഖ്യാപനത്തിനെതിരെ പ്രതികരണവുമായി ചൈന. അമേരിക്കയുടെ സമ്മർദ്ദ നടപടിയെ അംഗീകരിക്കില്ലെന്ന് ചൈന വ്യക്തമാക്കി. ചൈനീസ് ഇറക്കുമതികൾക്ക് 104 ശതമാനം വരെ തീരുവ ചുമത്തുന്ന വിധത്തിലാണ് ട്രംപിൻറെ പുതിയ പ്രഖ്യാപനം.

****************************************************************************************************